IVO-5/37/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ:

സ്വീകർത്താവ്

അബ്ദുൾ റാഷിദ്.കെ.പി
സെക്രട്ടറി
മുനീറുൽ ഇസ്ലാം സഭ
പേരാവൂർ.

സർ,

വിഷയം:: പേരാവൂർ പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിക്കാത്തത് - സംബന്ധിച്ച്.

സൂചന: പേരാവൂർ നിയോജക മണ്ഡലം നവകേരള സദസ് അപേക്ഷ നമ്പർ - 151330

..................................

മണത്തണ വില്ലേജിൽ സർവ്വെ നം. 41/2, 45 ൽ പ്പെട്ട സ്ഥലത്തെ കെട്ടിട നിർമ്മാണത്തിനായി എ3-7118/15 തീയ്യതി: 19/09/2015 പ്രകാരം പ്രസിഡണ്ട് മുനീറുൽ ഇസ്ലാം സഭ പേരാവൂർ എന്നവർക്ക് പെർമിറ്റ് അനുവദിച്ചിരുന്നു. തുടർന്ന് 05/03/2019ൽ നമ്പറിംഗിന് വേണ്ടി നൽകിയ അപേക്ഷയിൽ പഞ്ചായത്ത് എഞ്ചിനീയർ സ്ഥല പരിശോധന നടത്തി .

1. കെട്ടിടത്തിന്റെ മുൻവശത്ത് നിലവിൽ 5.40 മീറ്റർ, 5.38 മീറ്റർ എന്നിങ്ങനെയാണ് ലഭ്യമായിട്ടുള്ളത്. ചട്ടം 57(2)പ്രകാരം 6 മീറ്റർ ശരാശരി ആവശ്യമാണ്.
2. ചട്ടം 27(10)പ്രകാരം 3.60 മീറ്റർ വീതിയിലുള്ള പ്രവേശന പാലം നിർമ്മിക്കുന്നതിന് പകരം കെട്ടിടത്തിന്റെ ആകെ നീളത്തിൽ പില്ലർ സ്ഥാപിച്ച് സ്ലാബ് ചെയ്തിട്ടുണ്ട്.
3. നിലവിൽ കെട്ടിടത്തിന്റെ സെല്ലാർ പ്ലോട്ടിലേക്ക് പ്രവേശനം ലഭ്യമല്ല. ചട്ടം 37 പ്രകാരം 3.60 മീറ്റർ വീതിയിൽ പ്രവേശന വഴി ആവശ്യമാണ്. നിലവിൽ തൊട്ട് ചേർന്ന പ്ലോട്ടിലൂടെയാണ് പ്രവേശന വഴി.
4. ചട്ടം 57(3)പ്രകാരം എയർ കണ്ടീഷൻ ചെയ്യാത്ത കെട്ടിടങ്ങൾക്ക് 3 മീറ്റർ ആവശ്യമായ സ്ഥാനത്ത് പള്ളിയുടെ തറ നില ഹാളിന് 2.60മീറ്റർ ഉയരം, ഒന്നാം നില 2.95 മീറ്റർ ഉയരവും ആണ് ഉള്ളത്.
5. ചട്ടം 38(2)പ്രകാരം ആവശ്യമായ പാർക്കിംഗ് ലഭ്യമല്ല.
6. ചട്ടം 104 പ്രകാരം വികലാംഗ ടോയ്ലറ്റ്, റാമ്പ്, കൈവരി എന്നിവ നിർമ്മിച്ചിട്ടില്ല.
7. ചട്ടം 57(3)പ്രകാരം ശുചീകരണ സംവിധാനം ഒരുക്കിയിട്ടില്ല.

8. ചട്ടം 57(8)പ്രകാരമുള്ള ഫെയർ ആന്റ് റസ്ക്യു സർവ്വീസിനുള്ള ഫൈനൽ ഫയർ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

പ്രവേശനത്തിനായി തൊട്ടടുത്ത സ്ഥലം രജിസ്റ്റർ ചെയ്ത് വാങ്ങിച്ചിട്ടുണ്ട് എന്ന് താങ്കൾ അറിയിച്ചിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് അപേക്ഷ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ന്യൂനതകൾ പരിഹരിച്ച അപേക്ഷ പഞ്ചായത്തിൽ സമർപ്പിക്കുവാൻ അറിയിക്കുന്നു.

വിശ്വസ്തതയോടെ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

കണ്ണൂർ
13/01/2024